SAF Social Axiom Foundation

കുട്ടികളെ ദുരുപയോഗം ചെയ്യുന്നതിനെതിരെ കുട്ടികൾ

# പ്രോജക്റ്റ് കാക (CACA)

## രക്ഷകർത്താക്കളുടെ ബുക്ക്‌ലെറ്റ്

കുട്ടികളെ ദുരുപയോഗം ചെയ്യുന്നതിനെതിരെ നിങ്ങളെയും നിങ്ങളുടെ കുട്ടിയെയും ശാക്തീകരിക്കാനും കുട്ടികൾക്ക് സന്തോഷവും ആരോഗ്യവും സുരക്ഷയും നിലനിർത്താനും.




MAL



ഈ ബുക്ക്‌ലെറ്റ് www.projectcaca.org-ൽ നിന്ന് ഇംഗ്ലീഷ്, ഹിന്ദി, പ്രാദേശിക ഭാഷകളിൽ ഡൗൺലോഡ് ചെയ്യാനാകും.

പങ്കാളി

CSJ Council to Secure Justice | Fortis | edusynergies

വിവിധ

സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റീസ് – (SLSA), സ്റ്റേറ്റ് കമ്മീഷൻ സ് ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് (SCPCR) എന്നിവയുടെ പിന്തുണയോടെ.

RED-MAL-01

www.projectcaca.org

## സൂചിക

1. ഈ സഹായി (കമ്പാനിയൻ) ബുക്ക്ലെറ്റ് ആരാണ് വായിക്കേണ്ടത്? 01
2. ഒരു സ്കൂളിന്റെ സുരക്ഷാ നയം (സേഫ്റ്റി പോളിസി) 01
3. കാക (CACA) സേഫ്റ്റി വർക്ക്ബുക്ക്സ് 02
4. കുട്ടികളുടെ അവകാശങ്ങൾ 03
5. കമ്മീഷൻസ് ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്റ്റ് (കുട്ടികളുടെ അവകാശ സംരക്ഷണ നിയമത്തിനുള്ള കമ്മീഷനുകൾ) 03
6. ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ) ആക്റ്റ് –JJ ആക്റ്റ് 04
7. പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്റ്റ് – POCSO (ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം– പോക്സോ) 06
8. POCSOE-BOX (പോക്സോ ഇ–ബോക്സ്) 09
9. നാഷണൽ സെക്സ് ഒഫൻഡർ രജിസ്ട്രി –NDSO (ദേശീയ ലൈംഗിക കുറ്റവാളി രജിസ്ട്രി –എൻഡിഎസ്ഒ) 10
10. നാഷണൽ ലീഗൽ സർവീസസ് അതോറിറ്റി –NALSA (ദേശീയ നിയമ സേവന അതോറിറ്റി –എൻഎഎൽഎസ്എ) 11
11. കാക (CACA) സേഫ്റ്റി വർക്ക്ബുക്ക്സിൽ ഉൾപ്പെടുന്ന ഗവൺമെന്റ് ലോഗോകൾ/നയങ്ങൾ/സ്കീമുകൾ 12

പ്രസിദ്ധീകരിചത്: എജ്യൂസിനർജീസ് ഫോർ സോഷ്യൽ ആക്സിയം ഫൗണ്ടേഷൻ (SAF)
അച്ചടിച്ചത: റെപ്രോ ഇന്ത്യ ലിമിറ്റഡ്

നിരാകരണം – യോഗ്യതയുള്ള ഒരു വിദഗ്ദ്ധന്റെ ഉപദേശത്തിന് പകരമല്ല ഈ ബുക്ക്ലെറ്റ്. വിവിധ നിയമങ്ങളുടെ ഉള്ളടക്കങ്ങളും വ്യവസ്ഥകളും വായനക്കാരന്റെ പ്രയോജനത്തിനായി ലളിതമാക്കിയിരിക്കുന്നു. ഈ ബുക്ക്ലെറ്റ് ഒരു നിയമത്തിനും പകരമല്ല.

© പകർപ്പവകാശം 2021, SAF സോഷ്യൽ ആക്സിയം ഫൗണ്ടേഷൻ. എല്ലാ അവകാശങ്ങളും നിക്ഷിപ്തം.

SAF Social Axiom Foundation

കുട്ടികളെ ദുരുപയോഗം ചെയ്യുന്നതിനെതിരെ കുട്ടികൾ

## 1. ഈ സഹായി (കമ്പാനിയൻ) ബുക്ക്‌ലെറ്റ് ആരാണ് വായിക്കേണ്ടത്?

സ്കൂളിന്റെ സുരക്ഷാ നയത്തിന് (സേഫ്റ്റി പോളിസി) കീഴിൽ കുട്ടികളെ പഠിപ്പിക്കുന്ന കാക (ഇഅഇഅ) സേഫ്റ്റി വർക്ക്ബുക്കുകളുടെ ഒരു സഹായിയാണ് (കമ്പാനിയൻ) ഈ ബുക്ക്‌ലെറ്റ്. വർക്ക്ബുക്കുകൾ ഈ പ്രൊജക്റ്റിന്റെ കേന്ദ്ര ഭാഗമാണ്. കൂടാതെ, സ്കൂളിലെ അധ്യാപകർ, രക്ഷകർത്താക്കൾ, സപ്പോർട്ട്–സ്റ്റാഫ് എന്നിവരുടെ സഹായി (കമ്പാനിയൻ) ബുക്ക്‌ലെറ്റുകളും വർക്ക്ഷോപ്പുകളും ഈ പ്രൊജക്റ്റിലുണ്ട്. സേഫ്റ്റി വർക്ക്ബുക്കുകൾ നമ്മുടെ കുട്ടികളെ അവരുടെ അവകാശങ്ങൾ (കുട്ടികളുടെ അവകാശങ്ങൾ), ലിംഗസമത്വം, കുട്ടികളെ ദുരുപയോഗം ചെയ്യൽ എന്നിവയെക്കുറിച്ച് പഠിപ്പിക്കുന്നു. കുട്ടികളെ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിലാണ് വർക്ക്ബുക്കുകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വ്യക്തിഗത സുരക്ഷ കൂടാതെ വർക്ക്ബുക്കുകൾ ആരോഗ്യവും ശുചിത്വവും ഉൾക്കൊള്ളിക്കുന്നു. കുട്ടികൾ, അദ്ധ്യാപകർ, രക്ഷകർത്താക്കൾ, അവരുടെ മാതാപിതാക്കൾ, സപ്പോർട്ട്–സ്റ്റാഫ് എന്നിവർ വർക്ക്ബുക്കുകളിൽ വിവിധ കഥാപാത്രങ്ങളായി വരുന്നു. രക്ഷകർത്താക്കളുടെ സഹായമില്ലാതെ കുട്ടികൾക്ക് വർക്ക്ബുക്കുകൾ മനസ്സിലാക്കാൻ കഴിയില്ല. രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും സപ്പോർട്ട് സ്റ്റാഫുകൾക്കുമായുള്ള ബുക്ക്‌ലെറ്റുകൾ ഇംഗ്ലീഷിലും ഹിന്ദിയിലും മറ്റു പ്രാദേശിക ഭാഷകളിലുംണ്ട്, സേഫ്റ്റി വർക്ക്ബുക്കുകൾക്കനുസരിച്ച് അവരെ കാര്യക്ഷമമാക്കുന്നതിനാണ് ഇത്.

ഈ സഹായി (കമ്പാനിയൻ) ബുക്ക്‌ലെറ്റ് സപ്പോർട്ട്–സ്റ്റാഫുകൾക്കുള്ളതാണ്, അവരിൽ ചിലർ രക്ഷകർത്താക്കളും അവരുടെ മാതാപിതാക്കളുമാണ്. എന്നിരുന്നാലും, കുട്ടികളെ പരിപാലിക്കുന്ന ആർക്കും ഈ ബുക്ക്‌ലെറ്റ് വായിക്കാൻ താൽപ്പര്യമുകാകും. എല്ലാത്തിനുമുപരി, കുട്ടികൾ സന്തുഷ്ടരും ആരോഗ്യമുള്ളവരും സുരക്ഷിതരുമായിരിക്കണമെന്ന് നമ്മൾ എല്ലാവരും ആഗ്രഹിക്കുന്നുവല്ലോ. ഡ്രൈവർമാർ, കക്കൂർമാർ, സ്വീപ്പർമാർ, വീട്ടുജോലിക്കാർ പോലുള്ള ഒരു സ്കൂളിന്റെ പൂർണ്ണ സമയ, പാർട്ട് ടൈം അല്ലെങ്കിൽ കരാർ പ്രകാരമുള്ള സപ്പോർട്ട്–സ്റ്റാഫ് കുട്ടികളുമായി പതിവായി ഇടപഴകേതു്. കുട്ടികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ നിയമങ്ങൾ അവർ മനസ്സിലാക്കേതു്.

## 2. ഒരു സ്കൂളിന്റെ സുരക്ഷാ നയം

കമ്മീഷൻസ് ഫോർ പ്രൊട്ടക്ഷൻ ഓഫ് ചെൽഡ് റൈറ്റ്സ്, ഗവൺമെന്റ് മന്ത്രാലയങ്ങളും ഡിപ്പാർട്ട്മെന്റുകളും, സ്കൂൾ ബോർഡുകൾ, സുപ്രീം കോടതി, ഹൈക്കോടതികൾ തുടങ്ങിയ വിവിധ സംഘടനകൾ പുറപ്പെടുവിച്ചതും എല്ലാവരും പാലിക്കേ ണ്ടതുമായി വിവിധ സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ, നിയമങ്ങൾ, സർക്കുലറുകൾ എന്നിവ പ്രോജക്റ്റ് കാക (ഇഅഇഅ) പാലിക്കുന്നു. ഓരോ സ്കൂളും അതിന്റെ വിദ്യാർത്ഥികൾക്കായി ഇനിപ്പറയുന്ന വിഭാഗത്തിലുള്ള സുരക്ഷയ്ക്കായി തയ്യാറെടുക്കേണ്ടതുണ്ട്

സ്കൂളുകൾക്കുള്ള കുട്ടികളുടെ സുരക്ഷാ വിഭാഗങ്ങൾ

1. ഇൻഫ്രാസ്ട്രക്ചർ (അടിസ്ഥാന സൗകര്യങ്ങൾ) | 2. ആരോഗ്യം | 3. ഗതാഗതം | 4. വിദ്യാർത്ഥി സംരക്ഷണ സംവിധാനങ്ങൾ | 5. വ്യക്തിപരവും സാമൂഹികവും വൈകാരികവും ലൈംഗികവുമായ സുരക്ഷ | 6. റിപ്പോർട്ടിംഗും പ്രതികരണ സംവിധാനവും | 7. അടിയന്തര തയ്യാറെടുപ്പും ദുരന്ത നിവാരണവും | 8. സൈബർ സുരക്ഷ

കുട്ടികളെ കേന്ദ്രസ്ഥാനത്ത് നിർത്തിക്കൊണ്ട് പ്രൊജക്റ്റ് കാക (CACA) കുട്ടികളെയും രക്ഷകർത്താക്കളെയും അധ്യാപകരെയും സപ്പോർട്ട്–സ്റ്റാഫിനെയും മുകളിൽ പറഞ്ഞ വിഭാഗത്തിലെ സുരക്ഷയിൽ അധികാരപ്പെടുത്തുകയും പരിശീലിപ്പിക്കുകയും സംവേദനക്ഷമരാക്കുകയും ചെയ്യുന്നു. കുട്ടികളുടെ അവകാശങ്ങൾ, ലിംഗസമത്വം, കുട്ടികളെ ദുരുപയോഗം ചെയ്യൽ എന്നിവയുടെ അക്കാദമികവും നിയമപരവും മനഃശാസ്ത്രപരവുമായ വശങ്ങൾ ഈ പ്രൊജക്റ്റിൽ ഉൾപ്പെടുന്നു.

## 3. കാക (CACA) സേഫ്റ്റി വർക്ക്ബുക്സ്

കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നതിനെതിരെ കുട്ടികളെ ശാക്തീകരിക്കുന്ന ഒരു ഹ്രസ്വ കാർട്ടൂൺ ചിത്രമാണ് 'കോമൽ'. എൻജിഒ–ചൈൽഡ്‌ലൈൻ ഇന്ത്യ ഫൗണ്ടേഷൻ ഇന്ത്യൻ ഗവൺമെന്റിന്റെ പിന്തുണയോടെയാണ് ഇത് നിർമ്മിച്ചത്. നിർഭാഗ്യവശാൽ അയൽക്കാരനാൽ ദുരുപയോഗം ചെയ്യപ്പെട്ട, മറ്റേതൊരു പെൺകുട്ടിയെയും പോലെയുള്ള ഒരു 7 വയസ്സുകാരിയാണ് കോമലും. കുട്ടികൾക്ക് സ്വയം പരിരക്ഷിക്കാൻ കഴിയുന്നതിനായി സുരക്ഷിതവും സുരക്ഷിതമല്ലാത്തതുമായ സ്പർശനങ്ങളെക്കുറിച്ച് ഈ ചിത്രം വിശദീകരിക്കുന്നു. കാക (CACA) സേഫ്റ്റി വർക്ക്ബുക്സ് കോമൽ ചിത്രത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. പ്രായത്തിന് അനുയോജ്യമായതും പുരോഗമനപരവുമായ രീതിയിൽ ഇവ പഠിപ്പിക്കുന്നു, സിനിമയിൽ ഉൾക്കൊള്ളുന്ന വിവിധ സുരക്ഷാ തത്വങ്ങൾ:




- സുരക്ഷിതമായ – സുരക്ഷിതമല്ലാത്ത സ്പർശനം
- രഹസ്യങ്ങൾ
- വിശ്വസിക്കാവുന്ന മുതിർന്നവർ
- അത് നിങ്ങളുടെ തെറ്റല്ല
- നിശ്ചയദാർഢ്യം കാണിക്കൽ അറിയിക്കൽ
- ചൈൽഡ് ഹെൽപ്പ്‌ലൈൻ നമ്പർ 1098
- തുടങ്ങിയവ.

ചിത്രം സ്കൂളിലെ കുട്ടികൾക്കായി കാണിക്കുന്നു. രക്ഷകർത്താക്കൾ, അവരുടെ മാതാപിതാക്കൾ, സ്കൂൾ അധ്യാപകർ, സപ്പോർട്ട് സ്റ്റാഫ് എന്നിവരും ഇത് കാണണം. ഇംഗ്ലീഷിലും ഹിന്ദിയിലും കൂടാതെ മറ്റു വിവിധ ഭാഷകളിലും ചിത്രം ലഭ്യമാണ്. 'കോമൽ ചൈൽഡ്‌ലൈൻ' എന്നും തമിഴ്, ഹിന്ദി പോലുള്ള നിങ്ങളുടെ ഭാഷയും നൽകിക്കൊണ്ട് ഇത് യൂട്യൂബിൽ ഇന്റർനെറ്റിൽ എളുപ്പത്തിൽ തിരയാനാകും.

വർക്ക്ബുക്കുകൾ 3 മികച്ച സുഹൃത്തുക്കളെ ചുറ്റിപ്പറ്റിയാണ്: ഒരു പെൺകുട്ടി–സന; ഒരു ആൺകുട്ടി –അർപിത്, ഒരു കടുവ, പോക്സോ (POCSO). ഈ 3 പേരും സഹപാഠികൾ കൂടിയാണ്.






സർവേ 2007 – മിനിസ്ട്രി ഓഫ് വുമൺ ആൻഡ് ചൈൽഡ് ഡവലപ്മെന്റ് (വനിത, ശിശു വികസന മന്ത്രാലയം) (MW&CD), ഗവ. ഇന്ത്യ: ഓരോ **രണ്ട്** കുട്ടികളിലും ഒരാൾ, ആൺകുട്ടിയോ പെൺകുട്ടിയോ ആവട്ടെ, ഒന്നോ അതിലധികമോ രീതിയിലുള്ള ലൈംഗിക പീഡനങ്ങൾ നേരിടുന്നു. പെൺകുട്ടികൾക്ക് സമാനമായി ആൺകുട്ടികളും ലൈംഗിക ചൂഷണത്തിന് **ഇരയാകുന്നുണ്ട്** മിക്ക കേസുകളിലും, ദുരുപയോഗം ചെയ്യുന്നയാൾ അപരിചിതനല്ല, മറിച്ച് കുട്ടിക്ക് അറിയാവുന്ന ഒരാളാണ്.

## 4. കുട്ടികളുടെ അവകാശങ്ങൾ

18 വയസ്സിന് താഴെയുള്ള ഏതൊരു വ്യക്തിയെയും കുട്ടി (ജുവനൈൽ) എന്ന് വിളിക്കുന്നു. മറ്റെല്ലാവരെയും മുതിർന്നവർ എന്നും വിളിക്കുന്നു. മുതിർന്നവരെപ്പോലെ കുട്ടികളും പൗരന്മാരാണ്. ഇന്ത്യയുടെ ഭരണഘടനയിൽ പൗരന്മാർക്ക് നൽകുന്ന എല്ലാ അവകാശങ്ങളും **അവർക്കുമുണ്ട**.അവർക്ക് മാത്രമായുള്ള ചില അവകാശങ്ങളും **ഉണ്ട്**, ഉദാഹരണത്തിന്:

- ✓ കുട്ടികൾക്ക് അവരുടെ അവകാശങ്ങളെക്കുറിച്ച് അറിയാൻ **അവകാശമുണ്ട്**.
- ✓ കുട്ടികൾക്ക് നല്ല വിദ്യാഭ്യാസത്തിനുള്ള **അവകാശമുണ്ട്**.
- ✓ കുട്ടികൾക്ക് നല്ല ആരോഗ്യ സംരക്ഷണത്തിനുള്ള **അവകാശമുണ്ട്**.
- ✓ കുട്ടികൾക്ക് നന്നായി ഭക്ഷണം ലഭിക്കാനുള്ള **അവകാശമുണ്ട്**.
- ✓ സാമ്പത്തികവും ലൈംഗികവുമായ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കപ്പെടാൻ കുട്ടികൾക്ക് **അവകാശമുണ്ട്.**

തുടങ്ങിയവ.

കുട്ടികളുടെ അവകാശങ്ങളെ അടിസ്ഥാനമാക്കിയുള്ള നിരവധി നിയമങ്ങളും സർക്കാർ പദ്ധതികളും **ഉണ്ട്**. സുരക്ഷാ വർക്ക്ബുക്കുകൾ നമ്മുടെ കുട്ടികൾക്ക് അവ മനസ്സിലാക്കി നൽകുന്നു. കുട്ടികൾക്ക് അവരുടെ അവകാശങ്ങൾ **ലഭിക്കേണ്ടത്** ഓരോ മുതിർന്നവരുടെയും ഉത്തരവാദിത്തമാണെന്ന് ഓർക്കുക.

## 5. കമ്മീഷൻസ് ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്റ്റ്

NCPCR
NATIONAL COMMISSION FOR PROTECTION OF CHILD RIGHTS

കമ്മീഷൻസ് ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്റ്റ് (2005), നാഷണൽ കമ്മീഷൻ NCPCR, സ്റ്റേറ്റ് കമ്മീഷൻസ് ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് –SCPCR എന്നിവ ഈ ആക്റ്റിന് കീഴിൽ രൂപീകരിക്കപ്പെട്ടവയാണ്. കുട്ടികളുടെ അവകാശങ്ങളും അനുബന്ധ നിയമങ്ങളും നടപ്പാക്കുന്നത് നിരീക്ഷിക്കാനുള്ള ചുമതല കമ്മീഷനുകൾക്കാണ്. ഓരോ കമ്മീഷനും ഒരു ചെയർപേഴ്സൺ നേതൃത്വം നൽകുന്നു. താഴെ പറയുന്നവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പരാതികൾ അന്വേഷിക്കുക, സുവ മോട്ടോ (സ്വന്തമായി) നോട്ടീസ് എടുക്കുക പോലുള്ള നിരവധി പ്രവർത്തനങ്ങൾ കമ്മീഷനുകൾക്ക് **ഉണ്ട്**:

- കുട്ടികളുടെ അവകാശങ്ങൾ ലംഘിക്കുക.
- അത്തരം കാര്യങ്ങളിൽ നിന്ന് ഉണ്ടാകുന്ന പ്രശ്നങ്ങൾ പോലീസിനെപ്പോലുള്ള ഉചിതമായ അധികാരികളിലേക്ക് ഉയർത്തിക്കൊണ്ടുവരാനും അവർക്ക് സാധിക്കും.

## 6. ജുവനൈൽ ജസ്റ്റിസ് (കെയർ ആൻഡ് പ്രൊട്ടക്ഷൻ) ആക്റ്റ്) – JJ ആക്റ്റ്

ഈ നിയമം ഇന്ത്യയിലുടനീളം ബാധകമാണ്. ഇത് 18 വയസ്സിന് താഴെയുള്ള ഏതൊരു വ്യക്തിയെയും കുട്ടിയെന്ന് നിർവചിക്കുന്നു. എ, ബി എന്നീ രണ്ട് വിഭാഗങ്ങളിൽ പെടുന്ന കുട്ടികളുടെ കാര്യങ്ങളിൽ ഇത് ഇടപെടും:

വിഭാഗം A: നിയമം ലംഘിച്ച കുട്ടികൾ (നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ).

വിഭാഗം B: ഇനിപ്പറയുന്നതുപോലുള്ള കുട്ടിയെപ്പോലെ പരിചരണം, സംരക്ഷണം, ചികിത്സ, വികസനം, പുനരധിവാസം എന്നിവ ആവശ്യമുള്ള കുട്ടികൾ:

- വീടോ താമസസ്ഥലമോ ഇല്ലാതെ കണ്ടെത്തിയവർ – അനാഥർ, ഉപേക്ഷിക്കപ്പെട്ടവർ തുടങ്ങിയവർ;
- മാനസികമോ ശാരീരികമോ ആയ വെല്ലുവിളി നേരിടുകയും അവരെ/അവനെ പരിപാലിക്കാൻ യോഗ്യരായവർ ഇല്ലാത്തവരുമായവർ;
- വിവാഹ പ്രായം എത്തുന്നതിന് മുമ്പ് വിവാഹത്തിന്റെ സാധ്യത അടുത്തുള്ളവർ, അത്തരം വിവാഹത്തിന് മാതാപിതാക്കളോ കുടുംബാംഗങ്ങളോ ഉത്തരവാദികളാകാൻ സാധ്യതയുണ്ട്;

തുടങ്ങിയവ

> എ വിഭാഗത്തിലെ ഒരു കുട്ടി ബി വിഭാഗത്തിലും ഉൾപ്പെടാം. ഉദാഹരണം, നിയമവുമായി പൊരുത്തപ്പെടാത്ത ഒരു അനാഥൻ.

ചൈൽഡ് വെൽഫയർ കമ്മിറ്റീസ് – CWC

ചൈൽഡ് വെൽഫയർ കമ്മിറ്റീസ് കുട്ടികൾക്ക് നൽകേണ്ട പരിചരണം, സംരക്ഷണം, ചികിത്സ, വികസനം, പുനരധിവാസം എന്നിവ ഉറപ്പാക്കുകയും സജ്ജീകരിക്കുകയും ചെയ്യുന്നു. CWC–ൽ ഒരു ചെയർപേഴ്സണും നാല് മറ്റ് അംഗങ്ങളും ഉൾപ്പെടുന്നു. അംഗങ്ങളിൽ ഒരാളെങ്കിലും സ്ത്രീയും മറ്റൊരാൾ കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വിദഗ്ധനുമായിരിക്കണം.

✓ CWC–ക്ക് മുമ്പിൽ ആർക്കും കുട്ടിയെ കൊണ്ടുവരാവുന്നതാണ്, സ്വന്തം കുട്ടി അടക്കം.

✓ കുട്ടി ഉൾപ്പെടെ ആർക്കും ചൈൽഡ് ഹെൽപ്പ് ലൈൻ നമ്പറായ 1098–ൽ വിളിക്കാം.

### ജുവനൈൽ ജസ്റ്റിസ് ബോർഡ്– JJB

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ (കുറ്റവാളികൾ എന്ന് വിളിക്കുന്നില്ല) ജുവനൈൽ ജസ്റ്റിസ് ബോർഡ് JJB–ന് മുന്നിൽ ഹാജരാക്കുന്നു, മുതിർന്നവർക്കുള്ള സാധാരണ കോടതിയിൽ അല്ല. JJB-ൽ ഒരു ജുഡീഷ്യൽ മജിസ്ട്രേറ്റും രണ്ട് സാമൂഹിക പ്രവർത്തകരും ഉൾപ്പെടുന്നു, അവരിൽ ഒരാളെങ്കിലും സ്ത്രീയായിരിക്കണം. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയെക്കുറിച്ച് JJB അന്വേഷണം നടത്തുകയും (വിചാരണയല്ല) JJ ആക്റ്റ് പ്രകാരം ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു. കുട്ടിയെ ഒരിക്കലും പോലീസ് ലോക്കപ്പിലോ ജയിലിലോ പാർപ്പിക്കാൻ പാടില്ല എന്നത് ഓർക്കുക. നിയമവുമായി പൊരുത്തപ്പെടാത്ത ഒരു കുട്ടി പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടിയാണെന്ന് JJB കണ്ടെത്തുമ്പോൾ , അതിന് കുട്ടിയെ CWC–ലേക്ക് റഫർ ചെയ്യാനാവും. മോഷണം, കവർച്ച, കൊലപാതകം തുടങ്ങിയ ഏതു കുറ്റകൃത്യങ്ങൾ ചെയ്ത കുട്ടികളെയും JJB കൈകാര്യം ചെയ്യുമെന്ന് ഓർക്കുക.

### സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് SJPU

കുട്ടികളുടെ കേസുകൾ കൈകാര്യം ചെയ്യുന്ന പോലീസ് വേറെയാണ്. സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് (SJPU) എന്നാണ് അവരെ വിളിക്കുന്നത്. CWC, SJPU, JJB എന്നിവ JJ ആക്റ്റിന് കീഴിൽ കുട്ടികൾക്കായി ജില്ലാ തലത്തിൽ പ്രത്യേകം രൂപംകൊടുത്തിട്ടുള്ളവയാണ്. കൂടാതെ, എല്ലാ പോലീസ് സ്റ്റേഷനുകളിലും കുട്ടികളെ കൈകാര്യം ചെയ്യാൻ ഒരു പ്രത്യേക പോലീസ് വെൽഫെയർ ഓഫീസർ ഉണ്ട്.

### JJB-യുടെ ഉത്തരവുകൾ

കുട്ടികൾ ചെയ്യുന്ന വിവിധ തരം കുറ്റകൃത്യങ്ങൾക്കായി JJB ക്ക് ഒരു കുട്ടിക്ക് ഇനിപ്പറയുന്ന തരത്തിലുള്ള ഉത്തരവുകൾ നൽകാൻ കഴിയും:

- ഉപദേശമോ മുന്നറിയിപ്പോ കഴിഞ്ഞ് വീട്ടിലേക്ക് പോകുക
- ഗ്രൂപ്പ് കൗൺസിലിംഗിൽ പങ്കെടുപ്പിക്കുക
- സാമൂഹിക സേവനത്തിൽ പങ്കെടുപ്പിക്കുക
- പിഴ നൽകുക
- രക്ഷാധികാരിയുടെ/രക്ഷകർത്താവിന്റെ സംരക്ഷണത്തിൽ നിരീക്ഷണത്തിൽ വിടുക.
- പരിഷ്കരണ സേവനങ്ങളുള്ള ഒരു *'പ്രത്യേക ഭവനത്തിലേക്ക്' അയയ്ക്കുക, എന്നാൽ മൂന്ന് വർഷത്തിൽ കൂടുതൽ ആവരുത്.
- ഒരു ഡി–അഡിക്ഷൻ കേന്ദ്രത്തിലേക്ക് അയയ്ക്കുക.

*പ്രത്യേക ഭവനം ഒരു താമസ സ്ഥലമാണ്. കുട്ടിക്ക് സ്കൂൾ, തൊഴിൽ പരിശീലനം മുതലായവ ലഭിക്കുന്ന ഒരു പ്രത്യേക ഭവനത്തിലായിരിക്കും അത്.

സർക്കാർ സേവനങ്ങൾ, പാസ്പോർട്ട് അപേക്ഷ മുതലായവയിൽ ഭാവിയിൽ അയോഗ്യരാക്കുന്നതിന് പോലീസിന് കുട്ടിയുടെ ഒരു രേഖയും സൂക്ഷിക്കാൻ കഴിയില്ല.

SAF Social Axiom Foundation

കുട്ടികളുടെ കോടതി

16 മുതൽ 18 വയസ്സ് വരെ പ്രായമുള്ള ഒരു കുട്ടിയെ കൊലപാതകം പോലുള്ള ഗുരുതര മായ കുറ്റത്തിന് പിടികൂടി JJBയുടെ മുമ്പാകെ കൊണ്ടുവരുമ്പോൾ, കുട്ടിക്ക് മുതിർ ന്നയാൾക്കുള്ള മാനസിക ശേഷി ഉണ്ടോ എന്ന് JJB പരിശോധിക്കുന്നു. മുതിർന്ന യാൾക്കുള്ള മാനസിക ശേഷി കുട്ടിക്ക് ഉണ്ടെന്ന് JJB കണ്ടെത്തിയാൽ, കുട്ടിയെ കുട്ടി കളുടെ കോടതിയിലേക്ക് അയയ്ക്കുന്നു. കുട്ടികളുടെ മാനസിക ശേഷി സംബന്ധിച്ച് കുട്ടികളുടെ കോടതി JJB–യുമായി യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. കുട്ടികളുടെ കോടതി JJBയുമായി യോജിക്കുന്നുവെങ്കിൽ, കുട്ടിയെ മുതിർന്നയാളാ യി കണക്കാക്കുന്നു, എന്നിട്ട് കുട്ടികളുടെ കോടതി വിചാരണ ആരംഭിക്കുന്നു. എ ങ്കിലും, ഏത് കുറ്റത്തിന് ആണെങ്കിലും കുട്ടിക്ക് ജീവിതകാലം മുഴുവൻ ജയിൽ ശിക്ഷ വിധിക്കാനോ വധശിക്ഷ നൽകാനോ കഴിയില്ല. കുട്ടികളുടെ കോടതി JJBയോട് വി യോജിക്കുന്നുവെങ്കിൽ, കുട്ടിയെ മുതിർന്നയാളായി കണക്കാക്കില്ല, കൂടാതെ 'JJBയു ടെ ഉത്തരവുകളിൽ' നേരത്തെ സൂചിപ്പിച്ചതുപോലെ കുട്ടികളുടെ കോടതി ഉത്തരവു കൾ പാസാക്കുന്നു.

## 7. പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ ഫ്രം സെക്ഷ്വൽ ഒഫൻസസ് ആക്റ്റ് – POCSO (ലൈംഗിക കു റ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള നിയമം– പോക്സോ)

18 വയസ്സിന് താഴെയുള്ള എല്ലാവരേയും ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷി ക്കുന്നതിനാണ് 2012–ൽ ഈ നിയമം കൊണ്ടുവന്നത്. പോക്സോ (POCSO) ഇന്ത്യയി ലുടനീളം ബാധകമാണ്. പോക്സോയിൽ (POCSO) നിർവചിച്ചിരിക്കുന്ന കുറ്റകൃത്യ ങ്ങൾക്ക് ലിംഗഭേദമില്ല. 2019–ൽ നിയമം ഭേദഗതി ചെയ്യുകയും കൂടുതൽ കർശനമാ ക്കുകയും ചെയ്തു.

പ്രധാന സവിശേഷതകൾ:

- കുറ്റം ചുമത്തപ്പെട്ടവർ അവരുടെ നിരപരാധിത്വം തെളിയിക്കണം.
- കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നത് പോലീസിൽ റിപ്പോർട്ട് ചെ യ്തിരിക്കണം. അത് റിപ്പോർട്ട് ചെയ്യാൻ പരാജയപ്പെടുന്നത് കുറ്റകരമാണ്. ഒരു പോലീസ് ഉദ്യോഗസ്ഥൻ കേസ് രജിസ്റ്റർ ചെയ്യാൻ വിസമ്മതിക്കുന്നതും കുറ്റകരമാണ്. റിപ്പോർട്ട് ചെയ്യാത്തതിന് 0 മുതൽ 6 മാസം വരെ തടവും കൂ ടാതെ/അല്ലെങ്കിൽ പിഴയും ലഭിക്കും.
- ശിശു സൗഹാർദ്ദ, ഫാസ്റ്റ്ട്രാക്ക് ജില്ലാ തല പ്രത്യേക കോടതികൾ രൂപീകരിച്ചു. ഈ കോടതികൾ ലൈംഗിക ദുരുപയോഗം ചെയ്യുന്നവരെ മാത്രം കൈകാര്യം ചെയ്യുന്നു. പ്രത്യേക കോടതികൾക്ക് ഇൻ–ക്യാമറ വിചാരണകൾ ഉണ്ട്. കുട്ടിയ്ക്ക് ഒരു ഘട്ടത്തിലും പ്രതിയുമായി ബന്ധപ്പെടാനുള്ള സാഹചര്യം ഉണ്ടാക്കുന്നില്ല.
- കുട്ടിയുടെ സമ്മതം സാധുവായ പ്രതിരോധമായി കണക്കാക്കില്ല.
- ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നു.

### കുറ്റകൃത്യങ്ങളുടെ വിഭാഗങ്ങൾ

പ്രവൃത്തി ചെയ്യുന്നതിന് പിന്നിൽ ലൈംഗിക സ്വഭാവമുണ്ടാകുന്നിടത്ത് മാത്രമേ പോക്സോ (POCSO) ആക്ടിന് കീഴിൽ നിർവചിക്കപ്പെട്ടിട്ടുള്ള കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്ന വിവിധ കുറ്റകൃത്യങ്ങൾ ബാധകമാകൂ. ഉദാഹരണം: കുട്ടിയുടെ വിമുഖതയോടെത്തന്നെ ഒരു KG വിദ്യാർത്ഥിയുടെ അഴുക്കുള്ള വസ്ത്രം മാറ്റുന്ന ഒരു വേലക്കാരി പോക്സോ (POCSO) ആക്ടിന് കീഴിൽ വരില്ല. 'ഉദ്ദേശ്യം' എന്താണെന്നതിന് വ്യക്തമായ നിർവചനം ഇല്ല. കോട തിയുടെ മുമ്പിലുള്ള കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും ലൈംഗിക ഉ ദ്ദേശ്യത്തിന്റെ സാന്നിധ്യമോ അഭാവമോ സൂചിപ്പിക്കും.

ഈ ആക്ട് എ മുതൽ ജി വരെയുള്ള ഏഴ് വിഭാഗങ്ങളായി തിരിക്കാം.

A. സെക്ഷ്വൽ ഹറാസ്മെന്റ് (ലൈംഗിക പീഡനം)
B. സെക്ഷ്വൽ അസോൾട്ട് (ലൈംഗികാതിക്രമം)
C. അഗ്രവേറ്റഡ് സെക്ഷ്വൽ അസോൾട്ട് (ഭീകരമായ ലൈംഗിക അതിക്രമങ്ങൾ)
D. പെനട്രേറ്റീവ് സെക്ഷ്വൽ അസോൾട്ട് (തീക്ഷ്ണമായ ലൈംഗികാതിക്രമം)
E. അഗ്രവേറ്റഡ് പെനട്രേറ്റീവ് സെക്ഷ്വൽ അസോൾട്ട് (ഭീകരമായ കടുത്ത ലൈംഗിക ആക്രമണം)
F. അശ്ലീല ചിത്ര ആവശ്യങ്ങൾക്കായി കുട്ടികളെ ഉപയോഗിക്കൽ
G. കുറ്റം ചെയ്യാനുള്ള പ്രേരണ

A. സെക്ഷ്വൽ ഹറാസ്മെന്റ് (ലൈംഗിക പീഡനം): മോശം പരാമർശങ്ങൾ നടത്തുക, പിന്തുടരുക, അശ്ലീല ചിത്രങ്ങൾ/സന്ദേശങ്ങൾ അയയ്ക്കുക, സ്വകാര്യ ഭാഗങ്ങൾ കാണിക്കുക തുടങ്ങിയവ പോലുള്ള സ്പർശനം ഇല്ലാത്ത കുറ്റകൃത്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു.
ശിക്ഷ: 0 മുതൽ 3 വർഷം വരെ ജയിൽ ശിക്ഷ കൂടാതെ/അല്ലെങ്കിൽ പിഴ.

B. സെക്ഷ്വൽ അസോൾട്ട് (ലൈംഗികാതിക്രമം): ഒരു കുട്ടിയുടെ സ്വകാര്യ ഭാഗങ്ങൾ സ്പർശിക്കുക അല്ലെങ്കിൽ ഒരു കുട്ടിയെ മറ്റൊരാളുടെ സ്വകാര്യ ഭാഗങ്ങൾ സ്പർശിപ്പിക്കുക പോലെയുള്ള തീക്ഷ്ണമല്ലാത്ത സ്പർശനം അടങ്ങിയ കുറ്റകൃത്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു.
ശിക്ഷ: 3 മുതൽ 5 വർഷം വരെ ജയിൽ ശിക്ഷ, കൂടാതെ പിഴയും ഈടാക്കും.

C. *അഗ്രവേറ്റഡ് സെക്ഷ്വൽ അസോൾട്ട് (ഭീകരമായ ലൈംഗിക അതിക്രമങ്ങൾ) (E വിഭാഗത്തിന് ശേഷമുള്ള ബോക്സ് വിവരങ്ങൾ കാണുക)

D. പെനട്രേറ്റീവ് സെക്ഷ്വൽ അസോൾട്ട് (തീക്ഷ്ണമായ ലൈംഗികാതിക്രമം): ഏതെങ്കിലും വസ്തു/ ശരീരഭാഗം ഒരു കുട്ടിയുടെ ദ്വാരത്തിൽ (വായ കൂടാതെ/അല്ലെങ്കിൽ അരയ്ക്ക് താഴെയുള്ള ഏതെങ്കിലും ദ്വാരം) കടത്തൽ.
ശിക്ഷ:
a. 10 വർഷം ജയിൽ ശിക്ഷ മുതൽ ജീവപര്യന്തം വരെ, കൂടാതെ പിഴയും.
b. കുട്ടി 16 വയസ്സിന് താഴെയാണെങ്കിൽ, 20 വർഷം മുതൽ ജീവപര്യന്തം വരെ തടവും പിഴയും.

**E**. *അഗ്രവേറ്റഡ് പെനട്രേറ്റീവ് സെക്ഷ്വൽ അസോൾട്ട് (ഭീകരമായ കടുത്ത ലൈംഗിക ആക്രമണം): (ഇനിപ്പറയുന്ന ബോക്സ് വിവരങ്ങൾ കാണുക)

SAF Social Axiom Foundation

*വർദ്ധിച്ച ആക്രമണങ്ങൾ

ലൈംഗിക, പെനട്രേറ്റീവ് ലൈംഗികാതിക്രമങ്ങളെ യഥാക്രമം അഗ്രവേറ്റഡ് സെക്ഷ്വൽ അസോൾട്ട് (ഭീകരമായ ലൈംഗിക അതിക്രമങ്ങൾ), അഗ്രവേറ്റഡ് പെനട്രേറ്റീവ് സെക്ഷ്വൽ അസോൾട്ട് (ഭീകരമായ കടുത്ത ലൈംഗിക ആക്രമണം) എന്നിങ്ങനെ നിർവചിച്ചിരിക്കുന്നു. ഒരു ആക്രമണം അഗ്രവേറ്റഡ് ആകുന്നത് അഥവാ രൂക്ഷമാകുന്നത് ഉത്തരവാദിത്തവും വിശ്വാസ്യതയുമുള്ള ഒരു വ്യക്തി കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുമ്പോൾ ആണ്. കുടുംബാംഗം, പോലീസ് ഉദ്യോഗസ്ഥൻ, സായുധ സേന ഉദ്യോഗസ്ഥൻ, ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ/ആശുപത്രിയിലെ മാനേജ്മെന്റ് അല്ലെങ്കിൽ സ്റ്റാഫ് തുടങ്ങിയവർ ഉത്തരവാദിത്തവും വിശ്വാസ്യതയുമുള്ള ആളുകളുടെ വിഭാഗത്തിൽ പെടുന്നു. കൂട്ട ബലാത്സംഗം, കുട്ടിയുടെ മരണത്തിന് കാരണമാകൽ, അല്ലെങ്കിൽ ഇരയായ കുട്ടി 12 വയസ്സിന് താഴെയുള്ള ആളാകൽ എന്നിവയും ഒരു ആക്രമണത്തെ അഗ്രവേറ്റഡ് ആക്രമണമാക്കി മാറ്റും.

ശിക്ഷകൾ:

അഗ്രവേറ്റഡ് സെക്ഷ്വൽ അസോൾട്ടിന് (ഭീകരമായ ലൈംഗിക അതിക്രമങ്ങൾ) 5 മുതൽ 7 വർഷം വരെ തടവും പിഴയും.

അഗ്രവേറ്റഡ് പെനട്രേറ്റീവ് സെക്ഷ്വൽ അസോൾട്ടിന് (ഭീകരമായ കടുത്ത ലൈംഗിക ആക്രമണം), 20 വർഷം വരെ ജീവപര്യന്തം തടവും പിഴയും അല്ലെങ്കിൽ വധശിക്ഷ.

പോക്സോ (POCSO) ആക്റ്റ് 2019-ൽ ഭേദഗതി ചെയ്തു. ഭേദഗതിയിൽ ഇരകളായ കുട്ടികളെ വയസ്സ് അനുസരിച്ച് തരംതിരിക്കൽ, വർദ്ധിച്ച ശിക്ഷകൾ, വധശിക്ഷ തുടങ്ങിയവ അവതരിപ്പിച്ചു.

F. അശ്ലീലചിത്ര ഉദ്ദേശ്യങ്ങൾക്കായി കുട്ടികളെ ഉപയോഗിക്കൽ: അച്ചടി, ഇലക്ട്രോണിക്, കമ്പ്യൂട്ടർ, ടെലിവിഷൻ ചാനലുകൾ, ഇന്റർനെറ്റ് അല്ലെങ്കിൽ അശ്ലീലചിത്ര മെറ്റീരിയൽ തയ്യാറാക്കൽ, ഉത്പാദനം, പ്രക്ഷേപണം, പ്രസിദ്ധീകരണം, നിർവ്വഹണം, വിതരണം എന്നിവയ്ക്കായുള്ള മറ്റേതെങ്കിലും സാങ്കേതികവിദ്യയിലൂടെ ഒരു കുട്ടിയെ ഏതെങ്കിലും മാർഗ്ഗത്തിൽ ഉൾപ്പെടുത്തുക.
ശിക്ഷ: 3 മുതൽ 5 വർഷം വരെ തടവിനൊപ്പം പിഴയും ഈടാക്കും. ആവർത്തിച്ചുള്ള കുറ്റവാളികൾക്ക്, ജയിൽവാസം കൂടുതൽ കാലത്തേക്കാകും.

അച്ചടി, ഇലക്ട്രോണിക്, ഡിജിറ്റൽ തുടങ്ങിയ ഏത് രൂപത്തിലും കുട്ടികളുടെ അശ്ലീലചിത്ര മെറ്റീരിയൽ സംഭരിക്കുന്നത് നിയമപ്രകാരം ശിക്ഷാർഹമാണ്. വ്യക്തി കുറ്റകൃത്യം ആവർത്തിച്ചിട്ടുണ്ടോ,വാണിജ്യ ആവശ്യങ്ങൾക്കായി അശ്ലീലചിത്ര മെറ്റീരിയൽ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ തുടങ്ങിയ ഘടകങ്ങളെ ആശ്രയിച്ച് ശിക്ഷ 0 മുതൽ 7 വർഷം വരെ തടവ് ആവാം.

G. കുറ്റം ചെയ്യാനുള്ള പ്രേരണ: ഒരു കുറ്റകൃത്യം ചെയ്യാൻ ആരെയെങ്കിലും സഹായിക്കുക എന്നതാണ് ഇതിന്റെയർത്ഥം. കുറ്റകൃത്യം ചെയ്യുന്ന വ്യക്തിയുടെ ശിക്ഷയ്ക്ക് തുല്യമായ ശിക്ഷ ഇതിനുമുണ്ട്.

### തെളിവുകളും കുറ്റകൃത്യം നടന്ന സ്ഥലവും സംരക്ഷിക്കൽ

കുറ്റകൃത്യത്തിന്റെ തെളിവുകൾ സുരക്ഷിതമാക്കേണ്ടത് അത്യാവശ്യമാണ്. ദുരുപയോഗം നടന്ന പ്രദേശം വളച്ചുകെട്ടാനും പോലീസിനെ അറിയിക്കാനും സ്കൂൾ അധികൃതർ അടിയന്തര നടപടികൾ കൈക്കൊള്ളണം. തെളിവുകൾ നശിപ്പിക്കുന്നത് തന്നെ ഒരു കുറ്റകൃത്യമാണ്.

### കുട്ടിയുടെ ഐഡന്റിറ്റി സംരക്ഷിക്കുക

ഇരയായ കുട്ടിയുടെ സ്വകാര്യത കർശനമായി പരിരക്ഷിക്കേണ്ടതാണ്. പേര്, വിലാസം, ഫോട്ടോ, കുടുംബ വിവരങ്ങൾ, സ്കൂൾ, അയൽപക്കം തുടങ്ങിയവ ഒരു കുട്ടിയുടെ ഐഡന്റിറ്റിയിൽ ഉൾപ്പെടുന്നു. കുട്ടിയുടെ ഐഡന്റിറ്റി മാധ്യമങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടുന്നുവെന്ന് സ്കൂൾ അധികൃതർ ഉറപ്പാക്കണം. പ്രത്യേക കോടതിയുടെ അനുമതിയില്ലാതെ കുട്ടിയുടെ ഐഡന്റിറ്റി വെളിപ്പെടുത്തുന്ന ഏതൊരു വ്യക്തിക്കും 6 മാസം മുതൽ 1 വർഷം വരെ ജയിൽ ശിക്ഷയും കൂടാതെ/അല്ലെങ്കിൽ പിഴയും നൽകാം.

### പോക്സോക്ക് (POCSO) കീഴിലുള്ള തെറ്റായ പരാതികൾ

തെറ്റായ പരാതി നൽകുകയോ ഏതെങ്കിലും വ്യക്തിക്കെതിരെ തെറ്റായ വിവരങ്ങൾ നൽകുകയോ ചെയ്യുന്ന ഏതൊരു വ്യക്തിക്കും 6 മാസം വരെ ശിക്ഷയും കൂടാതെ/അല്ലെങ്കിൽ പിഴയും ചുമത്തും. ഒരു കുട്ടി കുറ്റകൃത്യം റിപ്പോർട്ട് ചെയ്യുന്നതിൽ പരാജയപ്പെടുകയോ തെറ്റായ പരാതി നൽകുകയോ കുറ്റകൃത്യത്തെക്കുറിച്ച് തെറ്റായ വിവരങ്ങൾ നൽകുകയോ ചെയ്യുന്നത് ഈ നിയമത്തിന് കീഴിൽ വരില്ല.

## 8. പോക്സോ (POCSO) ഇ–ബോക്സ്

MW&CD, ഗവ. ഓഫ് ഇന്ത്യക്കൊപ്പം NCPCR പോക്സോ (POCSO) ഇ–ബോക്സ് എന്ന പേരിൽ ഒരു മാതൃകാ പരാതി ബോക്സ് ഉണ്ടാക്കി. ഈ ഇ–ബോക്സ് www.ncpcr.gov.in–ൽ ലഭ്യമാണ്. കുട്ടികളടക്കം ആർക്കും ഇ–ബോക്സ് ഉപയോഗിച്ച് കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്നത് റിപ്പോർട്ട് ചെയ്യാം. പരാതിപ്പെടുന്നതിന് ഡയൽ ചെയ്യാവുന്ന ടോൾ ഫ്രീ നമ്പറുകൾ: 1098 അല്ലെങ്കിൽ 9868235077 അല്ലെങ്കിൽ 1800115455.



SAF Social Axiom Foundation




पोक्सो ई–बॉक्स

**POCSO E-BOX**

## 9. നാഷണൽ സെക്സ് ഒഫൻഡർ രജിസ്ട്രി (ദേശീയ ലൈംഗിക കുറ്റവാളി രജിസ്ട്രി) –NDSO

ലൈംഗിക കുറ്റവാളികളെക്കുറിച്ചുള്ള ദേശീയ ഡാറ്റാബേസ് ഇന്ത്യയിലുടനീളമുള്ള ലൈംഗിക കുറ്റവാളികളുടെ ദേശീയ രജിസ്റ്ററാണ്. 2005 മുതൽ ശിക്ഷിക്കപ്പെട്ട ലൈംഗിക കുറ്റവാളികളുടെ പൂർണ്ണ വിവരങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു, അതുവഴി അവരെ ട്രാക്ക് ചെയ്യാനും നിരീക്ഷിക്കാനും കഴിയും. NDSO 2018–ൽ പ്രവർത്തനമാരംഭിച്ചു, കൂടാതെ 4 ലക്ഷത്തിലധികം കുറ്റവാളികളുടെ വിശദാംശങ്ങൾ ഇതിലുണ്ട്. പോലീസ് പോലുള്ള നിയമ നിർവ്വഹണ ഏജൻസികൾക്ക് മാത്രമേ ഡാറ്റാബേസ് ആക്സസ് ചെയ്യാൻ കഴിയൂ, പൊതുജനങ്ങൾക്ക് സാധിക്കില്ല. സ്കൂളുകൾ ഉൾപ്പെടെ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ പരിശോധിച്ചുറപ്പിക്കുന്നതിനായി പോലീസ് ഈ ഡാറ്റ ഉപയോഗിക്കുന്നു.

## 10. നാഷണൽ ലീഗൽ സർവീസസ് അതോറിറ്റി –NALSA (ദേശീയ നിയമ സേവന അതോറിറ്റി –എൻഎഎൽഎസ്എ)

നാഷണൽ ലീഗൽ സർവീസസ് അതോറിറ്റി – NLSA (www.nalsa.gov.in) ലീഗൽ സർവീസസ് അതോറിറ്റീസ് ആക്റ്റ്, 1987–ന് കീഴിൽ ആണ് രൂപീകരിക്കപ്പെട്ടത്.

> ഈ ആക്റ്റിന് കീഴിൽ, മനുഷ്യക്കടത്ത് ഇരകൾ, പോക്സോ (POCSO) ഇരകൾ, പട്ടികജാതി അല്ലെങ്കിൽ പട്ടികവർഗ്ഗത്തിലെ അംഗങ്ങൾ, സ്ത്രീകൾ, കുട്ടികൾ, ദരിദ്രർ തുടങ്ങിയവർക്ക് സൗജന്യ നിയമ സേവനങ്ങൾ നൽകുന്നു

ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് ആണ് NALSA–ക്ക് നേതൃത്വം നൽകുന്നത്. എല്ലാ സംസ്ഥാനങ്ങളിലും, സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റി – SLSA രൂപീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസാണ് SLSA–യുടെ നേതൃത്വം വഹിക്കുക. ഒരോ ജില്ലയിലും ഡിസ്ട്രിക്റ്റ് ലീഗൽ സർവീസസ് അതോറിറ്റി – DLSA രൂപീകരിച്ചിട്ടുണ്ട്. ഇത് ജില്ലാ കോടതി സമുച്ചയത്തിലാണ് സ്ഥിതി ചെയ്യുന്നത്, ജില്ലാ ജഡ്ജിയായിരിക്കും നേതൃത്വം നൽകുക. താലൂക്ക് തലത്തിൽ താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റികളും രൂപീകരിക്കുന്നു. നിയമ സേവന അതോറിറ്റികളും പോക്സോ (POCSO) ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നു. തർക്കങ്ങൾ രമ്യമായി പരിഹരിക്കുന്നതിനായി അവർ കാലാകാലങ്ങളിൽ ലോക് അദാലത്തുകൾ സംഘടിപ്പിക്കുന്നു.

## 11. കാക (CACA) സേഫ്റ്റി വർക്ക്ബുക്ക്സിൽ ഉൾപ്പെടുന്ന ഗവൺമെന്റ് ലോഗോകൾ/നയങ്ങൾ/സ്കീമുകൾ

## REPORT

**Child labour** - https://pencil.gov.in/Complaints/add
**Child sexual abuse - CSA** - POCSO E - Box
https://ncpcr.gov.in/user_complaints.php **Or** call toll free POCSO Helplines 1800115455, 9868235077, Child Helplines 1098
**Food adulteration** - SMS/ WhatsApp at - 9868686868
**National Cyber Crime Reporting** - https://cybercrime.gov.in/

## TRACK

A missing Child
https://trackthemissingchild.gov.in/trackchild/index.php

## ADOPT

A Child - http://cara.nic.in/

## HELP-LINES

**The National Disaster Response Force** (NDRF) - 9711077372
**Railway Police** - 1052
**Trangender certification by Ministry of Justice and Empowerment, Govt. of India** - http://transgender.dosje.gov.in/
**NIMHANS for psychosocial support and mental health services to survivors during disasters** - 080–46110007
**NALSA (Free Legal Aid)** - 15100
**National common emergency number** - 112
Drug de-addiction, Ministry of Social Justice and Empowerment Govt. of India 1800-11-0031

കുട്ടികളെ ദുരുപയോഗം ചെയ്യുന്നതിനെതിരെ കുട്ടികൾ

# പ്രോജക്റ്റ് കാക CACA

edusynergies

സ്കൂളിന്റെ സുരക്ഷാ നയത്തിന് (സേഫ്റ്റി പോളിസി) കീഴിൽ കുട്ടികൾക്കായുള്ള ഒരു സേഫ്റ്റി പ്രോഗ്രാം.

കാക (CACA) സേഫ്റ്റി വർക്ക്ബുക്സ്
(കിൻഡർഗാർട്ടൻ മുതൽ 9 ക്ലാസ് വരെ)

## വർക്ക്ബുക്ക് ടൈറ്റിലുകൾ

- മൈ ബിഗിനേഴ്സ് സേഫ്റ്റി വർക്ക്ബുക്ക്
- മൈ ഫസ്റ്റ് സേഫ്റ്റി വർക്ക്ബുക്ക്
- മൈ സെക്കൻഡ് സേഫ്റ്റി വർക്ക്ബുക്ക്
- മൈ തേഡ് സേഫ്റ്റി വർക്ക്ബുക്ക്
- മൈ ഫോർത്ത് സേഫ്റ്റി വർക്ക്ബുക്ക്
- മൈ ഫിഫ്ത്ത് സേഫ്റ്റി വർക്ക്ബുക്ക്
- മൈ സിക്സ്ത്ത് സേഫ്റ്റി വർക്ക്ബുക്ക്
- മൈ സെവൻത്ത് സേഫ്റ്റി വർക്ക്ബുക്ക്
- മൈ ഐറ്റ്ത്ത് സേഫ്റ്റി വർക്ക്ബുക്ക്
- മൈ നയൻത്ത് സേഫ്റ്റി വർക്ക്ബുക്ക്

MAL

**Project CACA**
**Address:** EW - 3, Second Floor, Mianwali Nagar, Paschim Vihar, Delhi-110087
**Contact No:-** 011-40074904, 092054 88402, 092054 88405
**E mail:** info@projectcaca.org
**Website:** www.projectcaca.org
@projectcaca | @projectcaca

***End the Stigma, Raise Awareness***

***RED-MAL-01***